# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 250 — 15.02.2013 ൽ - മറുപടിക്ക്

### ബാങ്ക് അക്കൗണ്ട് വഴി (റേഷൻ) സബ്സിഡി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.റ്റി.എ. റഹീം<br>,, പുരുഷൻ കടലുണ്ടി<br>,, കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ സബ്സിഡി നേരിട്ട് ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ജനുവരി മാസത്തോടെ നടപ്പാക്കുമെന്ന സർക്കാർ പ്രഖ്യാപനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ;<br><br>(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; | (എ) & (ബി) | നിലവിൽ സബ്സിഡിപദ്ധതിയിൽ ഉൾപ്പെട്ട എ.പി.എൽ. കാർഡുകൾക്കു നൽകി വരുന്ന സബ്സിഡി തുക കാർഡുടമകളുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്ന പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എന്നാൽ എന്നു മുതൽ ഈ പദ്ധതി നടപ്പിൽ വരുത്തണം, എപ്രകാരമാണ് പദ്ധതി നടപ്പിൽ വരുത്തേണ്ടത്, ഏതേതു ബാങ്കുകൾ മുഖേനയാണ് സബ്സിഡി വിതരണം ചെയ്യേണ്ടത് തുടങ്ങിയ വിഷയങ്ങളിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (സി) ഗുണഭോക്താക്കൾക്ക് ആധാർ രജിസ്ട്രേഷൻ നിർബന്ധിതമാക്കിയിട്ടുണ്ടോ; ഇതിൽ എത്ര പേർക്ക് ഇതിനകം ആധാർ രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ട്; | (സി) | സബ്സിഡി ബാങ്ക് അക്കൗണ്ട് വഴിയാക്കുന്നതിനായി ആധാർ രജിസ്ട്രേഷൻ നിർബന്ധമാക്കണമെന്ന കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ഇതിനകം എത്രപേർക്ക് ആധാർ രജിസ്ട്രേഷൻ ലഭിച്ചു എന്ന വിവരം ലഭ്യമല്ല. |
| (ഡി) സബ്സിഡി ലഭിക്കുന്നതിന് എത്ര ഗുണഭോക്താക്കൾ ഇതിനകം ബാങ്ക് അക്കൗണ്ട് തുടങ്ങിയെന്ന് വെളിപ്പെടുത്താമോ; | (ഡി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ഗുണഭോക്താക്കൾ ബാങ്ക് അക്കൗണ്ട് തുടങ്ങിയെന്ന വിവരം ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ബാങ്ക് അക്കൗണ്ട് വഴി (റേഷൻ) സബ്സിഡി നൽകുന്ന രീതി നടപ്പാക്കിയ സംസ്ഥാനങ്ങളിൽ ഇത് ലക്ഷ്യം നേടാനായില്ല എന്ന കാര്യം വിലയിരുത്തുകയുണ്ടായോ; ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് ബാങ്ക് വഴി സബ്സിഡി നൽകാനുള്ള തീരുമാനം പുന:പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ? | (ഇ) | ഈ സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കി വിജയിച്ച സംസ്ഥാനങ്ങളിൽ ഇതിനുവേണ്ടി യത്നിച്ച ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് രണ്ടു ദിവസത്തെ ശിൽപശാല ജനുവരി 28, 29 ദിവസങ്ങളിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ചിരുന്നു. ഈ ശിൽപശാലയിൽ ഇതുമായി ബന്ധപ്പെട്ട വിവിധ മേഖലയിലുള്ളവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയും, ഇതു നടപ്പിലാക്കിയ സംസ്ഥാനങ്ങളുടെ ആശയങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുകയും ചെയ്തു. ഇതെല്ലാം ക്രോഡീകരിച്ച് രേഖയിലാക്കി വിദഗ്ദാഭിപ്രായം ആരായുന്നതിന് തീരുമാനിച്ചു. ഈ മേഖലയിലെ എല്ലാ വിദഗ്ദ്ധരുമായി ഇക്കാര്യം ചർച്ച ചെയ്ത ശേഷമേ അന്തിമ തീരുമാനം കൈക്കൊള്ളൂ. |

സെക്ഷൻ ഓഫീസർ